# Malankara Orthodox Syrian Church

## CATHOLICATE OF THE EAST

## DIOCESE OF ADOOR - KADAMPANAD

**Dr. Zacharias Mar Aprem**
**Metropolitan**
**Mob : 94471 84303**

**Epiphanios Centre**
**Adoor P.O**
**Pathanamthitta**

AKD/85/2017

മെയ് 29, 2017

കർത്താവിൽ ഏറ്റവും പ്രിയപ്പെട്ട അച്ചാ,

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് എം. ജി. ഒ. സി. എസ്. എം പ്രസിഡന്റായി ബലഹീനനായ എന്നെ നിയമിച്ച വിവരം അച്ചൻ ഇതിനോടകം അറിഞ്ഞുകാണുമല്ലോ. എം. ജി. ഒ. സി. എസ്. എം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നമ്മുടെ എല്ലാ ദേവാലയങ്ങളിലും 15 വയസ്സു മുതൽ 22 വയസ്സു വരെയുള്ള വിദ്യാർത്ഥികളെ പുനഃസംഘടിപ്പിച്ച് എം. ജി. ഒ. സി. എസ്. എം ഇടവകതലത്തിൽ യൂണിറ്റുകൾ ക്രമീകരിക്കുവാനും രജിസ്റ്റർ ചെയ്യുവാനും അതുവഴി കൂടുതൽ വിദ്യാർത്ഥികൾ ഇന്ന് നേരിടുന്ന ശാരീരികവും വൈകാരികവും മാനസികവുമായ പ്രശ്നങ്ങളും കൂടാതെ പഠന മേഖലയിൽ അവർക്ക് നൽകേണ്ടിയിരിക്കുന്ന ഗൈഡൻസ്സുമൊക്കെ കൂടുതൽ കാര്യക്ഷമമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുകയാണ്. മലങ്കരസഭയിൽ ഒരുകാലത്ത് അതിശക്തമായി പ്രവർത്തിച്ചിരുന്ന ഒരു സംഘടനയാണല്ലോ എം. ജി. ഒ. സി. എസ്. എം. അത് കൂടുതൽ കാര്യക്ഷമമാക്കിയെങ്കിലെ നമ്മുടെ അടുത്ത തലമുറ ഇനി സുരക്ഷിതമാണെന്ന് പറയുവാൻ നമുക്ക് കഴിയുകയുള്ളൂ. പ്രത്യേകിച്ച് കേരളത്തിന് പുറത്ത് പഠിക്കുവാൻ പോകുന്ന നമ്മുടെ വിദ്യാർത്ഥികളിൽ പലരും നൂതന കരിസ്മാറ്റിക് സംഘങ്ങളിലോ അല്ലെങ്കിൽ ന്യൂജനറേഷൻ പ്രാർത്ഥനാകൂട്ടങ്ങളിലോ പങ്കാളികളായി സഭയുടെ സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചുപോകുകയാണ്. കൂടുതൽ സ്റ്റുഡൻസ് കോൺഗ്രീഗേഷൻസ് രൂപീകരിക്കുവാൻ ആഗ്രഹിക്കുന്നു. പൂർണ്ണസമയ വൈദീകരെ വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിൽ ചെന്ന് സന്ദർശിക്കുവാനും പഠന കാര്യങ്ങൾ ശ്രദ്ധിക്കുവാനുമൊക്കെ ക്രമീകരിക്കുവാനായിട്ടാണ് ആഗ്രഹിക്കുന്നത്. അതിന്റെ ആദ്യപടി എന്ന നിലയിലാണ് ഓരോ ഇടവകയിലെയും യൂണിറ്റ് രജിസ്ട്രേഷൻ നടത്തുവാൻ ആഗ്രഹിക്കുന്നത്. പ്രിയപ്പെട്ട അച്ചന്റെ ഇടവകയിൽ ഇപ്പോൾ യൂണിറ്റ് ഉണ്ടെങ്കിൽ ദയവുചെയ്തു ആ യൂണിറ്റ് സെക്രട്ടറിയുടെ പേരും അഡ്രസ്സും ഒന്നുകിൽ എന്റെ ടെലഫോൺ നമ്പരിലേക്കോ (9447184303) അല്ലെങ്കിൽ ജനറൽ സെക്രട്ടറി ഫിലൻ മാത്യു അച്ചന്റെ നമ്പരിലേക്കോ (9495241878) എസ്.എം.എസ് ചെയ്യുന്നത് ഉപകാരമായിരിക്കും. അല്ലെങ്കിൽ എന്റെ Email Id:- 2010aprem@gmail.com എന്നതിലേക്ക് അയച്ചു തരികയോ ചെയ്താൽ അത് എനിക്ക് വളരെ സഹായകരമായിരിക്കും. അച്ചന്റെ എല്ലാ പ്രാർത്ഥനയും സഹകരണവും എം. ജി. ഒ. സി. എസ്. എം ന്റെ ഭാവി പ്രവർത്തനങ്ങൾക്കുവേണ്ടി ആഗ്രഹിക്കുന്നു. ഈ കാര്യത്തിൽ സഹകരിക്കണമേയെന്ന് വളരെ സ്നേഹത്തോടും താൽപ്പര്യത്തോടും കൂടി അറിയിക്കുന്നു. ദൈവംതമ്പുരാൻ അച്ചന്റെ എല്ലാ ശുശ്രൂഷകളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ.

ഡോ. സഖറിയാസ് അപ്രേം മെത്രാപ്പോലീത്താ